പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **--1305** **15.06.2012-** ലെ മറുപടിക്ക്

<u>പ്രവാസി ക്ഷേമപദ്ധതികൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ) പ്രവാസികളുടെ ക്ഷേമം മുൻനിർത്തി ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ)<br>1. പ്രവാസി തിരിച്ചറിയൽ കാർഡ് ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു.<br>2. ചെയർമാൻ ഫണ്ട് ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു.<br>3. സാന്ത്വന പദ്ധതി ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു.<br>4. സൗദി അറേബ്യയിലെ ജയിലുകളിൽ നിന്നും മോചിതരായവർക്കും പാസ്പോർട്ടും മറ്റ് രേഖകളും നഷ്ടപ്പെട്ട പ്രവാസികൾക്കും സ്വന്തം നാട്ടിലേക്ക് മടങ്ങുന്നതിനായി സൗജന്യടിക്കറ്റ് നൽകുന്ന "സ്വപ്നസാഫല്യം" എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br>5. 2012-13 സാമ്പത്തിക വർഷം തിരികെ വന്ന പ്രവാസികൾക്കായി പുനരധിവാസ പദ്ധതി രൂപീകരിക്കുന്നതിലേയ്ക്കായി 2 കോടി രൂപ സർക്കാർ പദ്ധതിയിനത്തിൽ അനുവദിച്ചിട്ടുണ്ട്. |

6. ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിലുള്ള പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി 2 ലക്ഷം രൂപയുടെ അപകട മരണ ഇൻഷുറൻസ് നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

(ബി) പ്രവാസികളുടെ സമ്പാദ്യം വികസന പ്രവൃത്തികൾക്കുകൂടി ഉപയോഗപ്പെടുത്തിക്കൊണ്ട് അവരുടെ സാമ്പത്തിക പുരോഗതിക്കുതകുന്ന പദ്ധതികൾ നടപ്പിലാക്കുമോ?

(ബി) ഈ സാമ്പത്തിക വർഷം തിരികെവന്ന പ്രവാസികൾക്കായി പുനരധിവാസപദ്ധതി രൂപീകരിക്കുന്നതിനായി രണ്ട് കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രവാസികൾ അവരുടെ സമ്പാദ്യം ഉപയോഗിച്ച് സ്വയംതൊഴിൽ പദ്ധതികളും വികസനോന്മുഖമായ മറ്റു ചെറുകിട വ്യവസായങ്ങളും തുടങ്ങുന്നതു സഹായിക്കാനാണ് ഈ പദ്ധതി. വിവിധ മേഖലകളിൽ അംഗീകരിച്ച സംരംഭത്തിനു വേണ്ട തുകയുടെ നിശ്ചിത ശതമാനം മൂലധനം/പലിശ സബ്സിഡി നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്. പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നു.

സെക്ഷൻ ഓഫീസർ